പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 437 11.12.2012 ൽ മറുപടിയ്ക്ക്

പീലിത്തറ വൈദ്യുതി സെക്ഷൻ ഓഫീസ്

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. റ്റി.വി. രാജേഷ് | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജവും ഗതാഗതവും വകുപ്പ് മന്ത്രി) |
| (എ) കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി നിയോജക മണ്ഡലത്തിലെ പിലാത്തറ കേന്ദ്രമാക്കി വൈദ്യുതി സെക്ഷൻ ഓഫീസ് ആരംഭിക്കണമെന്ന നിവേദനത്തിന്മേൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; സെക്ഷൻ ഓഫീസ് യാഥാർത്ഥ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ? | (എ) കല്ല്യാശ്ശേരി നിയോജക മണ്ഡലത്തിലെ പിലാത്തറ കേന്ദ്രമായി ഒരു സെക്ഷനോഫീസ് ആരംഭിക്കുന്നതിനുള്ള നിവേദനം ലഭിച്ചിരുന്നു. 19,300 ഓളം ഉപഭോക്താക്കളുള്ളതും 70 ചതുരശ്ര കിലോമീറ്റർ വിസ്തൃതിയുള്ളതുമായ പയ്യങ്ങാടി സെക്ഷനും 15,800 ഓളം ഉപഭോക്താക്കളുള്ളതും 180 ചതുരശ്ര കിലോമീറ്റർ വിസ്തൃതിയുള്ളതുമായ മാതമംഗലം സെക്ഷനും പുനഃക്രമീകരിച്ച് പിലാത്തറ കേന്ദ്രമായി ഒരു പുതിയ സെക്ഷൻ രൂപീകരിക്കുന്നതിനുള്ള പ്രൊപ്പോസൽ തയ്യാറാക്കിയിരുന്നു. എന്നാൽ പ്രസ്തുത സെക്ഷൻ ഓഫീസുകളിൽ 25000 ൽ പരം ഉപഭോക്താക്കൾ ഇല്ലെന്നതിനാൽ തല്ക്കാലം പരിഗണനയിൽ ഇല്ല. |

സെക്ഷൻ ഓഫീസർ.